കേരള സർക്കാർ
പതിമൂന്നാം കേരള നിയമസഭ
2-ാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1728

03.10.2011 ൽ ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി മറുപടി നൽകേണ്ടത്

| മഹിളാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ | | |
|---|---|---|
| | ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | ഉത്തരം<br>ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |
| (എ) | ദേശീയ സമ്പാദ്യ പദ്ധതി മഹിളാ പ്രധാൻ ഏജന്റുമാർക്ക് എത്ര ശതമാനം കമ്മീഷനാണ് ഇപ്പോൾ നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ; | മഹിളാ പ്രധാൻ ഏജന്റുമാർക്ക് റെക്കറിംഗ് ഡെപ്പോസിറ്റ് ക്യാൻവാസ് ചെയ്യുന്നതിന് 4% കമ്മീഷൻ പോസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നു.<br><br>ഇതു കൂടാതെ സംസ്ഥാന സർക്കാർ 3.9% പ്രതിമാസ അലവൻസും അലവൻസിന് അർഹമാകുന്ന തുകയുടെ 1.25% വാർഷിക ബോണസ്സായും നൽകുന്നു. |
| (ബി) | ഇവർക്കു നൽകുന്ന കമ്മീഷനിൽ എന്തെങ്കിലും കുറവുവരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും നീക്കങ്ങളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളുടെ പലിശ നിരക്ക് പരിഷ്ക്കരിക്കുന്നതിന് ചുമതലപ്പെടുത്തിയ കമ്മീഷൻ നൽകിയ റിപ്പോർട്ടിൽ മഹിളാ പ്രധാൻ ഏജന്റുമാർക്ക് നിലവിലുളള 4% കമ്മീഷൻ 1%മായി കുറയ്ക്കാൻ (ഘട്ടംഘട്ടമായി) ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനമൊന്നുമായിട്ടില്ല. |

| | | |
|---|---|---|
| (സി) | ഉണ്ടെങ്കിൽ മതിയായ കമ്മീഷൻ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | മഹിളാ പ്രധാൻ ഏജന്റുമാർക്ക് കമ്മീഷൻ നൽകുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഏജന്റുമാർക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷനിൽ ഇതുവരെ കുറവൊന്നും വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ